# Second meeting of BRICS Sherpas and Sous Sherpas

May 28, 2021

---

**BRICS ഷേർപാസ്, സ്യൂസ് ഷെർപ്പസ് എന്നിവരുടെ രണ്ടാം ഘട്ട സമ്മേളനം**

മെയ് 28, 2021

ബ്രിക്സ് ഷെർപാസ്, സൂസ് ഷെർപാസ് എന്നിവയുടെ രണ്ടാം ഘട്ട സമ്മേളനം 2021 മെയ് 25 മുതൽ 28 വരെയുള്ള തിയ്യതികളിൽ ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ സെക്രട്ടറി (CPV &OIA ) ശ്രീ സഞ്ജയ് ഭട്ടാചാര്യ അഡീഷണൽ സെക്രട്ടറി (ഇക്കണോമിക് റിലേഷൻസ്) പി. ഹരീഷ് യഥാക്രമം ഷെർപ, സൂസ് ഷെർപ എന്നീ സ്ഥാനങ്ങളിൽ അധ്യക്ഷത വഹിച്ചു . അംബാസിഡർ സർകിസ് ജെ.ബി. സർകിസ്, ബ്രസീലിന്റെ ബ്രിക്സ് ഷെർപ; അംബാസിഡർ സെർഗേയ് റയാബ്കോവ്, റഷ്യയുടെ ബ്രിക്സ് ഷെർപ; അംബാസിഡർ. മാ ഷാക്സു, ചൈനയുടെ ബ്രിക്സ് ഷെർപ; അംബാസിഡർ അനിൽ സൂക്ലാൽ ദക്ഷിണാഫ്രിക്കയിലെ ബ്രിക്സ് ഷെർപ എന്നിവർ അതാത് രാജ്യങ്ങളുടെ പ്രതിനിധിസംഘങ്ങളെ നയിച്ചു

ജൂൺ 1 ന് നടക്കാനിരിക്കുന്ന ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിനുള്ള ഒരുക്കങ്ങളെക്കുറിച്ച് ബ്രിക്സ് പങ്കാളികൾ ചർച്ച ചെയ്തു. വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന്റെ ഫലങ്ങൾ സംബന്ധിച്ച രേഖകൾ ഉൾപ്പെടെ ഇന്ത്യയുടെ ബ്രിക്സ് 2021 അധ്യക്ഷസ്ഥാനത്തിനായി നൽകേണ്ട പ്രധാനപ്പെട്ട വിവരങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തു.

ചർച്ചകൾ ക്രിയാത്മകവും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിലാണ് നടന്നത്. കോവിഡ് 19 പകർച്ചവ്യാധിയുടെ വെല്ലുവിളികൾക്കിടയിലും ബ്രിക്സിനകത്തുള്ള സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിൽ അധ്യക്ഷനെന്ന നിലയിലെ ഇന്ത്യൻ നേതൃത്വത്തെ ബ്രിക്സ് പങ്കാളികൾ അഭിനന്ദിച്ചു.

**ന്യൂ ഡെൽഹി**

**മെയ് 28, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.